ലൈക് പേജ്

zuhairalik@gmail.com
സുഹൈറലി തിരുവിഴാംകുന്ന്

പുതിയ കാലത്ത് ചിത്രശേഖരണവും കൈമാറ്റവും വിഷമക രമായ ഒന്നല്ല. സൗജന്യമായി ചിത്രങ്ങൾ ശേഖരിക്കാവുന്ന ഓൺലൈൻ സംവിധാനങ്ങൾ ഇന്ന് സജീവമാണ്. ചിത്രങ്ങൾ കംപ്രസ് ചെയ്ത് ചെറുതാക്കിയാൽ ചുരുങ്ങിയ സ്പേസിൽ സൂക്ഷിക്കാനാവും.

# ചിത്രങ്ങളുടെ ഇ-ലോകം

അക്ഷരങ്ങളുടെ ലോകം പിറക്കുന്നതിന് മുമ്പ് ചിത്രങ്ങളായിരുന്നു സംസാരിച്ചിരുന്നത്. പുരാതന കാലങ്ങളിൽ ചുമർചിത്രങ്ങളായി കൊത്തിവെച്ച രൂപങ്ങളിൽ നിന്നാണ് പല യുഗങ്ങളെയും നാം വായിച്ചെടുത്തത്. എഴുത്ത് തന്നെ ചിത്രലിപിയിലായിരുന്ന കാലം. പുതിയ കാലത്ത് ചിത്രങ്ങളും വർണങ്ങളും ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഏകമാനവും ദ്വിമാനവും ത്രിമാനവുമെല്ലാമായ ചിത്രങ്ങൾ ഇന്ന് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. ഒരു ആശയത്തെ ഏറ്റവും വേഗതയിൽ സംവേദനം ചെയ്യാൻ ഒരു ചിത്രത്തിനാവുന്നു.

വ്യക്തിവിവരവും പ്രൊഫൈലുകളും ചരിത്രങ്ങളും രേഖപ്പെടുത്തുമ്പോഴും ചിത്രങ്ങൾ വലിയ സ്വാധീനമാണ് ചെലുത്തുന്നത്. സോഷ്യൽമീഡിയയുടെ കൂടി വ്യാപനത്തോടെ ഓരോ നിമിഷവും സംസാരിച്ചു കൊണ്ടിരിക്കുന്നത് ഇമേജുകളിലൂടെയും സെൽഫികളിലൂടെയുമാണ്.

നമ്മൾ സ്വയം എടുത്ത ചിത്രങ്ങൾ ലോകത്തിന് കൈമാറാനുള്ള സ്വതന്ത്രസംവിധാനമാണ് വിക്കിപീഡിയ കോമൺസ്. കോപ്പി റൈറ്റില്ലാത്ത രണ്ടര കോടിയോളം ചിത്രങ്ങളുടെ ശേഖരമാണ് ഇതിലുള്ളത്. വിക്കിപീഡിയയുടെ സ്വതന്ത്ര മീഡിയ ലൈബ്രറിയാണ് കോമൺസ്. നമ്മൾ കൊടുക്കുന്ന ഈ ചിത്രങ്ങൾ അതുമായി ബന്ധപ്പെട്ട ലോകത്തിലെ ഏത് ഭാഷകളിലെ ലേഖനങ്ങളിലും ഉപയോഗിക്കാനാവും. ഗൂഗിൾ സെർച്ചിൽ ഇതിൽ കയറ്റിയ ചിത്രങ്ങൾ മുൻഗണന ലഭിക്കാനും ഇടയാവും. ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യാനായി വിക്കിപീഡിയ അക്കൗണ്ട് മതിയാവുന്നതാണ്. commons.wikipedia.org ൽ ചെന്ന് ചിത്രങ്ങൾ നൽകാം. പ്ലേസ്റ്റോറിൽ നിന്നും കോമൺസിന്റെ ആൻഡ്രോയ്ഡ് ആപ്പും ലഭ്യമാണ്. സ്വതന്ത്ര സ്വഭാവത്തിലുള്ള ചിത്രങ്ങൾ മാത്രമാണ് ഇവിടെ പരിഗണിക്കുന്നത്. അതോടൊപ്പം നാം ചേർക്കുന്ന ഓരോ ചിത്രവും ആർക്കും ഉപയോഗിക്കാനുമാവും.

ഒരു പരിപാടിയെ ഏറ്റവും നല്ല രീതിയിൽ ഡോക്യുമെന്റ് ചെയ്യുന്നത് റിപ്പോർട്ടിനൊപ്പമുള്ള ഒരു സ്നാപോ സ്ലോട്ടോ ആയിരിക്കും. ഈയർഥത്തിൽ ചിത്രങ്ങൾ ശേഖരിക്കപ്പെടേണ്ടതും കൈമാറ്റം ചെയ്യപ്പെടേണ്ടതും ആവശ്യമാണ്. നമ്മുടെ പ്രവർത്തന റിപ്പോർട്ടുകൾ തയാറാക്കുമ്പോൾ പോലും ആവശ്യത്തിന് ചിത്രങ്ങൾ ലഭ്യമാവാറില്ല. പലപ്പോഴും ചിത്രങ്ങൾ പത്രറിപ്പോർട്ടിലും സോഷ്യൽ മീഡിയാ പോസ്റ്റിലും മാത്രമായി ചുരുങ്ങിപ്പോകും. നാം കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്ന ചിത്രങ്ങളെ കമ്പ്യൂട്ടർ മെമ്മറികൾക്ക് സംഭവിക്കുന്ന തകരാറുകൾ നഷ്ടപ്പെടുത്തിയെന്നും വന്നേക്കാം

എന്നാൽ പുതിയ കാലത്ത് ചിത്രശേഖരണവും കൈമാറ്റവും വിഷമകരമായ ഒന്നല്ല. സൗജന്യമായി ചിത്രങ്ങൾ ശേഖരിക്കാവുന്ന ഓൺലൈൻ സംവിധാനങ്ങൾ ഇന്ന് സജീവമാണ്. ചിത്രങ്ങൾ കംപ്രസ് ചെയ്ത് ചെറുതാക്കിയാൽ ചുരുങ്ങിയ സ്പേസിൽ സൂക്ഷിക്കാനാവും. കമ്പ്യൂട്ടറിൽ മൈക്രോ സോഫ്ടിന്റെ ഓഫീസ് പിക്ചർ മാനേജറിലൂടെയും ആൻഡ്രോയ്ഡ് ഫോണുകളിൽ ഇമേജ് ഒപ്ടിമൈസർ (Image Optimizer) പോലുള്ള ആപ്പുപയോഗിച്ചും ചിത്രത്തിന്റെ ഭാരം കുറക്കാം. ഒരു ചിത്രം മൈക്രോസോഫ്ടിൽ തുറന്ന് കൺട്രോൾ ബി അടിച്ച് എഡിറ്റ് ചെയ്ത് സേവ് ചെയ്താൽ കൂടുതൽ ചിത്രങ്ങൾ ഒരുമിച്ച് ചുരുങ്ങിക്കിട്ടും. പിക്കാസ എന്ന സോഫ്ട് വെയർ ഡൗൺലോഡ്ചെയ്തും, ഗൂഗിൾ സേവനങ്ങളിൽ പെട്ട ഫോട്ടോസ്, ഗൂഗിൾ ഡ്രൈവ് എന്ന വിഭാഗത്തിലൂടെയും ചിത്രങ്ങൾ ശേഖരിച്ചു വെക്കാം. flickr.com മറ്റൊരു സൈറ്റാണ്. ഗൂഗിളിന്റെ ഇമേജ് സെർച്ച് ഉപയോഗിച്ച് ചിത്രങ്ങൾ തിരയാനിന്ന് സൗകര്യമുണ്ട്. അതോടൊപ്പം റിവേഴ്സ് സെർച്ച് സൗകര്യവും ഗൂഗിൾ നൽകുന്നു. നമ്മുടെ പക്കലുള്ള ചിത്രം അപ്‌ലോഡ് ചെയ്തുകൊണ്ട് ഒരു ചിത്രത്തിന്റെ ഇമേജ് യു.ആർ.എൽ ഉപയോഗിച്ച് ആ ചിത്രം നെറ്റിലെവിടെയെല്ലാം ഉണ്ട് എന്ന് കണ്ടെത്താനാവും. ഇങ്ങനെ ചിത്രങ്ങളുടെ ലോകം തീർക്കുകയാണ് വെബ് ലോകം.



***ആപ്പ് ട്രിക്സ്:*** നമ്മുടെ സ്വകാര്യ ലൈബ്രറിയിൽ നിന്ന് കടം കൊടുക്കുന്ന പുസ്തകങ്ങൾ പലപ്പോഴും നഷ്ടപ്പെടുകയാണ് പതിവ്. പേഴ്സണൽ ലൈബ്രറി മാനേജ് ചെയ്യാനുള്ള ആപ്ലിക്കേഷനാണ് book shelf എന്ന ആൻഡ്രോയ്ഡ് ആപ്പ്. ഇതു പോലെ cd shelf എന്ന പേരിൽ സിഡി ലൈബ്രറി മാനേജ്മെന്റും സൗജന്യമായി ഇൻസ്റ്റാൾ ചെയ്യാം. UB Reader എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ച് നമ്മുടെ ഡിവൈസിലുള്ള പി.ഡി.എഫ് പുസ്തകങ്ങളുടെ ഇ ലൈബ്രറി നിർമിക്കാം. ■

Vol. No: 71 Issue No. 21 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla